**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ വന്യജീവി ആക്രമണം തടയുന്നതിനായി എത്ര തുക ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | **മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾക്കായി 2406-02-110-09-Measures to reduce Man-Animal Conflict (plan), 2406-01-800-92-Relief to victims Affected by the Attack of Wildlife Animals (Non-plan) എന്നീ സംസ്ഥാന പദ്ധതികളിൽ 2021-22 വർഷം മുതൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം (1) ആയി ചേർക്കുന്നു.**<br><br>**2406-02-110-09-MRMAC (P) സ്കീമിൽ വന്യജീവി ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ മനുഷ്യ-വന്യമൃഗ സംഘർഷം ലഘുകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളായ സൗരോർജ്ജ വേലികളുടെയും ആനക്കിടങ്ങുകളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, ദ്രുതകർമ്മ സേനയുടെ നവീകരണവും പ്രവർത്തനവും മെച്ചപ്പെടുത്തൽ, പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കൽ, പ്രവൃത്തികൾ, മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ, വയലുകളുടെ പരിപാലനം, ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയ പ്രവർത്തികൾക്കുമാണ് തുക വിനിയോഗിച്ചു വരുന്നത്.**<br><br>**2406-01-800-92-RV (NP) ശീർഷകത്തിലെ തുകയുടെ ഭൂരിഭാഗവും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരമാണ് നൽകി വരുന്നത്.**<br><br>**കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat (IDHW) സ്കീമിൽ Protection of Wildlife Outside Protected Areaസ്കീമിൽ (60:40) പൂർണ്ണമായും മനുഷ്യ -വന്യമൃഗ സംഘർഷം ലഘുകരിക്കുന്നതിനുള്ള** |

| | | | |
|---|---|---|---|
| | | | **വിവിധ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നത്. കൂടാതെ പ്രോജക്റ്റ് എലിഫന്റ് സ്കീമിലും മേൽ ആവശ്യമായ തുക അനുവദിച്ചു വരുന്നു. ടി പദ്ധതികളിലെ വിവരം അനുബന്ധം (2) ആയി ചേർക്കുന്നു.**<br><br>**മേൽ സ്കീമിൽ കേന്ദ്രം ഒരു ഗഡു മാത്രമാണ് 2022-23 ലും 2023-24-ലും റിലീസ് ചെതിട്ടുള്ളത്. അതിന് ആനുപാതികമായി തുക സംസ്ഥാനം അനുവദിച്ചിട്ടുണ്ട്. അനുവദിച്ചതുക അനുബന്ധം (3) ആയി ചേർക്കുന്നു.**<br><br>**2023-24 വർഷം മേൽ സ്കീമിൽ രണ്ട് ഗഡുവായിട്ടാണ് 172.78 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. രണ്ടാം ഗഡുവായി 03.01.2024 ന് ലഭ്യമായ 86.39 ലക്ഷം രൂപ വിനിയോഗിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം -1**</u>

| വർഷം | പദ്ധതി | ബഡ്ജറ്റ് | റിലീസ് ചെയ്തത് | ചെലവഴിച്ചത് |
|---|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | | |
| 2021-22 | 2406-02-110-09 -MRMAC (P) | 2200.00 | 2200.00 | 2199.88 |
| 2022-23 | | 2500.00 | 2500.00 | 2431.70 |
| 2023-24 | | 3085.00 | 1981.18 | 1841.46 |
| | 2406-01-800-92 (NP) | | | |
| 2021-22 | | 670.00 | 670.00 | 669.82 |
| 2022-23 | | 223.00 | 223.00 | 222.48 |
| 2023-24 | | 70.00 | 70.00 | 69.41 |

**അനുബന്ധം -2**

| വർഷം | പദ്ധതി | ബഡ്ജറ്റ് | റിലീസ് ചെയ്തത് | ചെലവഴിച്ചത് |
|---|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | | |
| 2021-22 | IDWH – Protection of Wildlife – Outside Protected Areas. | .. | .. | .. |
| 2022-23 | | 1000.00 | 152.18 | 149.13 |
| 2023-24 | | 1000.00 | 174.19 | 159.77 |

# <u>അനുബന്ധം -3</u>

| വർഷം | പദ്ധതി | ബഡ്ജറ്റ് | റിലീസ് ചെയ്തത് | ചെലവഴിച്ചത് |
|---|---|---|---|---|
| | | (രൂപ ലക്ഷത്തിൽ) | | |
| 2021-22 | Project Elephant | 1300.00 | 317.62 | 316.67 |
| 2022-23 | | 1300.00 | 304.88 | 243.73 |
| 2023-24 | | 1300.00 | 172.78 | 62.00 |